ഉത്തരം

(എ) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖാന്തരം അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 1,12,377 കുടുംബങ്ങളിൽ നിന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കടബാധ്യത തിട്ടപ്പെടുത്തി വരുന്നു.

(സി) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസത്തിനായി അപേക്ഷ സമർപ്പിച്ചവർ, മത്സ്യത്തൊഴിലാളി വികസന-ക്ഷേമ സഹകരണ സംഘങ്ങൾ, മത്സ്യഫെഡ്, സഹകരണ ബാങ്കുകൾ, ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ, ഉത്തമർണ്ണൻമാർ തുടങ്ങിയ ഇടങ്ങളിൽ നിന്നെല്ലാം വായ്പ എടുത്തതായാണ് വെളിപ്പെട്ടിട്ടുള്ളത്.

(ഡി) കടാശ്വാസത്തിനായി അപേക്ഷ സമർപ്പിച്ച മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുന്നതിനായി സർക്കാർ 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവൽക്കരിക്കുകയും കമ്മീഷൻ സമർപ്പിച്ച മൂന്ന് ശിപാർശാ റിപ്പോർട്ടുകൾ പരിഗണിച്ച് കടാശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമായി ഭവന നിർമ്മാണം, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയ്ക്കായി എടുത്ത വായ്പകളിൽ 126.86 കോടി രൂപയും രണ്ടാം ഘട്ടമായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും സഹകരണ സ്ഥാപനങ്ങൾ വഴിയും എടുത്ത വായ്പകളിൽ 253.59 കോടി രൂപയും എഴുതിത്തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. 1,20,000 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാവും.

കൃത്രിമപാർ പദ്ധതി

218 (1976) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതുദ്ദേശിച്ച് തിരുവനന്തപുരം ജില്ലയിലെ തീരദേശത്ത് നടപ്പാക്കിയ 'കൃത്രിമപാർ' പദ്ധതി കൊണ്ടുണ്ടായ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നല്കാമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളുടെ തീരപ്രദേശത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; അതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) മത്സ്യ വിഭവ കയറ്റുമതിക്ക് ഉപയുക്തമായ മത്സ്യ ഇനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാനുതകുംവിധം പദ്ധതിയിൽ പരിഷ്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സംസ്ഥാനത്ത് കുറഞ്ഞ ചെലവിൽ ലഭ്യമാവുന്നതും പരിസ്ഥിതി സൗഹൃദവുമായ വസ്തുക്കൾ ഈ ആവശ്യത്തിന് ഉപയുക്തമാക്കാനുള്ള ഗവേഷണ പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പരിചയസമ്പത്ത് ഇക്കാര്യത്തിൽ ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുദ്ദേശിച്ച് തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട തീരപ്രദേശങ്ങളിൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പൈലറ്റ് പദ്ധതിയാണ് കൃത്രിമപ്പാർ പദ്ധതി. അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ചതും ശാസ്ത്രീയ ഗവേഷണ പഠനത്തിൽ അധിഷ്ഠിതമായി വിഭാവന ചെയ്തിട്ടുള്ളതുമാണ് ഈ പദ്ധതി. സുനാമിയിൽ നഷ്ടപ്പെട്ടുപോയ പ്രകൃതിദത്ത പാറിന് പകരമായിട്ടാണ് പ്രധാനമായും ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം മത്സ്യലഭ്യതയിൽ സാരമായ വർദ്ധനവ് വന്നിട്ടുള്ളതായി പരമ്പരാഗത മത്സ്യ തൊഴിലാളികളിൽ നിന്നും അറിയുവാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി കൊണ്ടുണ്ടായ പ്രയോജനത്തെക്കുറിച്ച് ഫിർമ എന്ന ഏജൻസി പഠനം നടത്തിവരുന്നുണ്ട്.

(ബി) വടക്കൻ ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(സി&ഡി) കയറ്റുമതി മൂല്യമുള്ള പല മത്സ്യ ഇനങ്ങൾക്കും കുറവു വന്നതുമൂലമാണ് കൃത്രിമപാർ പദ്ധതി തിരുവനന്തപുരം ജില്ലയിൽ അഡാക്ക് വഴി നടപ്പിലാക്കിയത്. കയറ്റുമതി സാധ്യതയുള്ള മത്സ്യങ്ങൾ ഒകജ് കൾച്ചറിലൂടെ കൃത്രിമപ്പാർ പ്രദേശത്ത് വളർത്തിയെടുക്കുന്നതിനും പരിസ്ഥിതി സൗഹൃദമുള്ള വസ്തുക്കൾ ഇതുപോലുള്ള മറ്റു പദ്ധതികൾക്ക് ഉപയുക്തമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(ഇ) നിലവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അനുഭവ സമ്പത്ത് കൂടി തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly